"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - നീണ്ടകര ഹാർബറിലെ നീണ്ടകര ഭാഗത്തു നിന്നും അടുത്ത ഒരു വർഷമോ, മാനേജ്മെന്റ് സൊസൈറ്റി നിലവിൽ വരുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ 2026-27 വർഷത്തേയ്ക്കുള്ള പ്രവേശനഫീസ് പിരിയ്ക്കുന്നതിനുള്ള അവകാശം ശ്രീ. ജോയി ബെൻ എന്നയാൾക്ക് അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.253/2026/F&P തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:- 1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.02.2026 തിയതിയിലെ എച്ച്.ഇ.സി.ഇ./377/26/എ4 നമ്പർ കത്ത്.

**ഉത്തരവ്**

നീണ്ടകര ഹാർബറിലെ നീണ്ടകര ഭാഗത്തു നിന്നും അടുത്ത ഒരു വർഷമോ, മാനേജ്മെന്റ് സൊസൈറ്റി നിലവിൽ വരുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ 2026-27 വർഷത്തേയ്ക്കുള്ള പ്രവേശനഫീസ് പിരിയ്ക്കുന്നതിനുള്ള അവകാശം ഇ-ടെണ്ടർ/ലേലത്തിൽ ഏറ്റവും കൂടിയ തുകയായ 1,08,05,003/- രൂപ വാഗ്ദാനം ചെയ്തത് ഇ-ദർഘാസിൽ പങ്കെടുത്ത ശ്രീ. ജോയി ബെൻ (മൂലയിൽ ഹൗസ്, നീണ്ടകര പി.ഒ., കൊല്ലം) എന്നയാളാണ്. തുടർന്ന് ടിയാനുമായി നെഗോസിയേഷൻ നടത്തിയതിനെ തുടർന്ന് 10,000/- രൂപ കൂട്ടി 1,08,15,003/- (ഒരു കോടി എട്ട് ലക്ഷത്തി പതിനയ്യായിരത്തി മൂന്ന് രൂപ) രൂപയ്ക്ക് ടി അവകാശം ഏറ്റെടുത്ത് നടത്തുവാൻ ടിയാൻ തയ്യാറാണെന്നറിയിക്കുകയുണ്ടായി എന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു . ടിയാന്റെ വാഗ്ദാനത്തുക നടപ്പുവർഷ തുകയായ 1,04,16,000/- രൂപയേക്കാൾ 3,89,003/- രൂപ കൂടുതലാണെന്നും ഇനിയൊരു ഇ-ദർഘാസ്/ലേലം നടത്തിയാലും ഉയർന്ന തുക ലഭിക്കുവാൻ സാധ്യതയില്ലാത്തതിനാൽ ടി അവകാശം ശ്രീ. ജോയി ബെൻ എന്നയാളിന് 1,08,15,003/- (ഒരു കോടി എട്ട് ലക്ഷത്തി പതിനയ്യായിരത്തി മൂന്ന് രൂപ) (+18% GST)- രൂപയ്ക്ക് അനുവദിച്ച് നൽകാവുന്നതാണെന്ന് ചീഫ് എഞ്ചിനീയർ എഞ്ചിനീയർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി, നീണ്ടകര ഹാർബറിലെ നീണ്ടകര ഭാഗത്തു നിന്നും അടുത്ത ഒരു വർഷമോ, മാനേജ്മെന്റ് സൊസൈറ്റി നിലവിൽ വരുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ, 2026-27 വർഷത്തെ പ്രവേശന ഫീസ് പിരിയ്ക്കുന്നതിനുള്ള അവകാശം ഇ-ദർഘാസിൽ, കൂടിയ തുക വാഗ്ദാനം ചെയ്ത ശ്രീ. ജോയി ബെൻ, മൂലയിൽ ഹൗസ്, നീണ്ടകര പി.ഒ., കൊല്ലം എന്നയാൾക്ക് വാഗ്ദാന തുകയായ 1,08,15,003/-(ഒരു കോടി എട്ട് ലക്ഷത്തി പതിനയ്യായിരത്തി മൂന്ന് രൂപ) രൂപയും ആയതിന്റെ ബാധകമായ ചരക്ക് സേവന നികുതിയും ചേർന്ന തുകയ്ക്ക് അനുവദിച്ച് നൽകി ഉത്തരവാകുന്നു.

- ലേല / ഇ-ടെണ്ടർ നോട്ടീസിന് വ്യാപക പ്രചാരണം നൽകിയിരുന്നു എന്ന് ചീഫ്എഞ്ചിനീയർ ഉറപ്പാക്കേണ്ടതാണ്.
- നിയമപ്രകാരം ഈടാക്കേണ്ട എല്ലാ ഫീസും നികുതികളും ലേല തുകയോടൊപ്പം ഈടാക്കിയിട്ടുണ്ട് എന്നും ചീഫ് എഞ്ചിനീയർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ് :-
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

ശ്രീ. ജോയി ബെൻ ,മൂലയിൽ ഹൗസ്, നീണ്ടകര പി.ഒ., കൊല്ലം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (15.03.2026-ലെ 3449031/WCD-2/82/2026-FIN നമ്പർ പ്രകാരം
ഡയറക്ടർ, പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ വിവര പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Biju. K**
**Date: 15-03-2026 15:32:34**
സെക്ഷൻ ഓഫീസർ